(ബി) ഉണ്ട്.

(സി) ഉണ്ട്. കൂടുതൽ ട്രിപ്പുകൾ എടുക്കുന്നതിന് അമിതമായ വേഗതയിൽ ടിപ്പറുകൾ ഓടിക്കുന്നതാണ് അപകടങ്ങൾക്കുള്ള പ്രധാന കാരണം എന്നാണ് നിഗമനം. പരിശീലനമില്ലായ്മയും നിയമലംഘനവും മറ്റ് കാരണങ്ങളാണ്. അതിനാൽ ടിപ്പർ ലോറി ഡ്രൈവർമാർക്ക് നിർബന്ധമായും ട്രെയ്നിംഗ് നൽകാൻ നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ടിപ്പർ ലോറികൾക്കായി മോട്ടോർ വാഹന വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവ മുഖേനയുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ട കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) ട്രാൻസ്പോർട്ട് കമ്മീഷണറുടെ കണക്കുപ്രകാരം വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	അപകടങ്ങൾ	മരണം
2006	41647	3589
2007	39917	3778
2008	37263	3847
2009	35433	3830
2010	34959	3604

വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് നടപടി

145 (595) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളിൽ വേഗത നിയന്ത്രിക്കുന്നതിനുള്ള സ്പീഡ് ബ്രേക്കേഴ്സ് സ്ഥാപിക്കണമെന്നുള്ള ചട്ടത്തിൽ ഇളവ് വരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളിലാണ് സ്പീഡ് ബ്രേക്കേഴ്സ് വേണമെന്ന നിബന്ധനയുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ പശ്ചാത്തലത്തിൽ വേഗത നിയന്ത്രിക്കുന്നതിനുള്ള ഉപകരണം വാഹനങ്ങളിൽ സ്ഥാപിക്കുന്നത് നിർബന്ധമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) എല്ലാ ടിപ്പർ വാഹനങ്ങളിലും സ്റ്റേജ് കാരേജുകളിലും എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകളിലും ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വേഗത നിയന്ത്രിക്കുന്നതിനുള്ള ഉപകരണം മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാതരം വാഹനങ്ങളിലും ഘടിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.

ലോഫ്ളോർ എ.സി./നോൺ എ.സി. ബസ് സർവ്വീസ് അരുവിക്കര കാച്ചാണി ഭാഗത്തേക്ക് നീട്ടുന്നതിന് നടപടി

146 (596) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം ആരംഭിച്ച ലോഫ്ളോർ എ. സി./നോൺ എ.സി. ബസ് സർവ്വീസ് അരുവിക്കര/കാച്ചാണി ഭാഗത്തേക്ക് നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തിരക്കേറിയ സമയങ്ങളിൽ ഈ പ്രദേശങ്ങളിലേക്കുള്ള ബസ്സുകളിൽ അനുഭവപ്പെടുന്ന തിരക്ക് കെ.എസ്.ആർ.ടി.സി.യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിന് ആ പ്രദേശത്തേക്ക് കൂടുതൽ ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി പ്രകാരമുള്ള ബസ് സർവ്വീസ് അരുവിക്കര കാച്ചാണി ഭാഗത്തേക്ക് നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭാഗത്തേക്കുള്ള സർവ്വീസുകൾ തുടങ്ങുന്നതാണ്.

(ബി) ഓഫീസ് സമയങ്ങളിലും, സ്കൂൾ, കോളേജ് സമയങ്ങളിലും പ്രാദേശികമായിട്ടുള്ള ഉത്സവസമയങ്ങളിലും തിരക്ക് അനുഭവപ്പെടാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ കെ.എസ്.ആർ.ടി.സി. വേണ്ടത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാറുണ്ട്.

(സി) പ്രസ്തുത പ്രദേശത്തേക്ക് ആവശ്യാനുസരണം സർവ്വീസുകൾ ഇപ്പോൾതന്നെ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ജലഗതാഗത വകുപ്പ് കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

147 (597) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly